ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 16.06.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര സന്ദർശനം പുരോഗമിക്കുന്നു ; സൈപ്രസ് പ്രസിഡന്റുമായി ഇന്ന് ഉഭയകക്ഷിചർച്ച നടത്തും.

   **Prime Minister Narendra Modi's tri-nation visit is progressing; He will hold bilateral talks with the President of Cyprus today.**

2. 2027-ലെ സെൻസെസിനുള്ള ഗസറ്റ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah said that the gazette notification for the 2027 Census will be issued today.**

3. അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനുള്ള DNA പരിശോധന തുടരുന്നു ; 80 പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു.

   **DNA tests to identify those killed in Ahmedabad plane crash continues ; 80 bodies identified till now**

4. കേരളത്തിൽ ശക്തമായ മഴ തുടരുന്നു. എല്ലാ ജില്ലകളിലും ജാഗ്രത നിർദേശം ; 11 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.

   **Heavy rains continue in Kerala ; Alert issued in all districts ; Holiday declared for educational institutions in 11 districts today.**

5. ഇറാൻ-ഇസ്രയേൽ സംഘർഷം രൂക്ഷം ; പ്രതിസന്ധി തടയുന്നതിനായി മധ്യസ്ഥ ചർച്ചകൾ സജീവം ; ഇരു രാജ്യങ്ങളിലേയും ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രത നിർദേശം.

**Iran-Israel tensions intensify. Mediation talks are active to prevent a further crisis. Indian citizens in both countries have been advised to stay cautious.**

*********************************

## PM-BUSINESS ROUNDTABLE (INTRO)

സൈപ്രസുമായി സാമ്പത്തിക ബന്ധം ശക്തമാക്കുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലെമെസോസിൽ വ്യാപാര വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. കഴിഞ്ഞ 23 വർഷത്തിനിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രി സൈപ്രസ് സന്ദർശിക്കുന്നത് ആദ്യമാണെന്ന് വ്യക്തമാക്കിയ ശ്രീ.മോദി, യൂറോപിലേക്കുള്ള ഇടനാഴിയായിട്ടാണ് ഇന്ത്യൻ കമ്പനികൾ സൈപ്രസിനെ കാണുന്നതെന്നും പറഞ്ഞു. സമുദ്ര മേഖല, തുറമുഖ വികസനം എന്നിവയിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രകരിക്കുന്നതായും അവ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

സൈപ്രസ് പ്രസിഡന്റുമായി പ്രധാനമന്ത്രി ഇന്ന് ഉഭയകക്ഷിചർച്ച നടത്തും. ജി-7 ഉച്ചകോടിക്കായി ക്യാനഡയിലേക്ക് പുറപ്പെടുന്നതിന് മുമ്പ് പ്രസിഡന്റിൻറെ കൊട്ടാരത്തിൽ ഉച്ചഭക്ഷണത്തോടെയാണ് സന്ദർശനം അവസാനിക്കുക.

*********************************

## HOME MINISTER - CENSUS

2027ൽ വരാനിരിക്കുന്ന സെൻസെസിനുള്ള തയ്യാറെടുപ്പുകൾ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്നലെ ന്യൂഡൽഹിയിൽ

വിലയിരുത്തി. സെൻസെസിനുള്ള ഗസറ്റ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ഇതാദ്യമായി പൊതു സെൻസെസിനൊപ്പം ജാതി സെൻസെസും നടക്കുന്നുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന പ്രക്രിയ പൂർണ്ണമായും ഡിജിറ്റലായാണ് നടപ്പിലാക്കുന്നത്.

*******************************

## DHANKAR-PUDUCHERRY

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പുതുച്ചേരിയിലെത്തി. രാഷ്ട്രനിർമ്മാണത്തിൽ പാരിസ്ഥിതിക സുസ്ഥിരതയ്ക്കുള്ള പ്രാധാന്യം എന്ന വിഷയത്തിൽ ജിപ്മറിൽ നടക്കുന്ന പ്രത്യേക പരിപാടിയിൽ അദ്ദേഹം ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും. ജിപ്മറിലെ അധ്യാപകരും വിദ്യാർത്ഥികളുമായും ശ്രീ.ധൻഖർ സംവദിക്കും. നാളെ പോണ്ടിച്ചേരി സർവ്വകലാശാലയും ഉപരാഷ്ട്രപതി സന്ദർശിക്കും.

*******************************

## REV. NT. IRAN-ISRAEL CONFLICT

ഇറാൻ- ഇസ്രയേൽ സംഘർഷം നാലാം ദിവസത്തിലേക്ക് കടക്കുന്ന പശ്ചാത്തലത്തിൽ പശ്ചിമേഷ്യയിലെ മറ്റ് ഇടങ്ങളിലേക്ക് പ്രതിസന്ധി വ്യാപിക്കുന്നത് തടയുന്നതിനായി മധ്യസ്ഥ ചർച്ചകൾ സജീവം. സൗദി അറേബ്യ, അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങൾ സമാധാന ചർച്ചകൾക്കായി മുന്നോട്ട് വന്നിട്ടുണ്ട്. അതേസമയം ഇരുപക്ഷങ്ങളും നടത്തിയ ആക്രമണങ്ങളിൽ നിരവധി പേർക്കാണ് ജീവൻ നഷ്ടമായത്.

*******************************

## MEA-ISRAEL ADVISORY

പശ്ചിമേഷ്യയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഇസ്രായേലിലെ ഇന്ത്യൻ സമൂഹവുമായി സ്ഥിതിഗതികൾ ചർച്ച

ചെയ്തതായി ഇന്ത്യൻ എംബസി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യാക്കാരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നതായി എംബസി അറിയിച്ചു.

*********************************

**MEA IRAN**

ഇറാനിലെ സുരക്ഷാ സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ച് വരുന്നതായും ഇന്ത്യൻ വിദ്യാർത്ഥികൾ സ്വയം സുരക്ഷ ഉറപ്പാക്കണമെന്നും ടെഹ്റാനിലെ ഇന്ത്യൻ എംബസി അറിയിച്ചു. ചില വിദ്യാർത്ഥികളെ എംബസി സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിയതായി വിദേശകാര്യമന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

*********************************

**AHMEDABAD PLANE CRASH**

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ചവരെ തിരിച്ചറിയുന്നതിനുള്ള DNA പരിശോധനകൾ തുടരുന്നു. ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടേതുൾപ്പെടെ 80 പേരുടെ മൃതദേഹങ്ങൾ ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിൽ 33 മൃതദേഹങ്ങൾ കുടുംബങ്ങൾക്ക് കൈമാറി. ഗാന്ധിനഗർ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഡിഎൻഎ പരിശോധന 24 മണിക്കൂറും തുടർച്ചയായി നടക്കുന്നതായി ലബോറട്ടറി ഡയറക്ടർ HP സങ്ക്വി അറിയിച്ചു. അതേസമയം, വിജയ് രൂപാണിയുടെ മരണത്തിൽ ഗുജറാത്തിൽ ഒരു ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചു.

*********************************

**SITHARAMAN-LEH**

ചെറുകിട വ്യവസായങ്ങൾക്ക് പ്രചോദനമേകാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. ലേയിൽ ക്രെഡിറ്റ് ഔട്ട്റീച്ച് പരിപാടിയെ

അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. എല്ലാവരേയും ഉൾപ്പെടുത്തിയുള്ള സാമ്പത്തിക വികസനത്തിനാണ് സർക്കാർ പ്രാധാന്യം നൽകുന്നതെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

************************************

## NILAMBUR – BYELECTION

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം അവസാനിക്കാൻ ഒരു ദിവസം മാത്രം ശേഷിക്കെ സ്ഥാനാർത്ഥികളുടെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. എൽഡിഎഫ് സ്ഥാനാർഥി എം സ്വരാജിന്റെ പ്രചാരണ പരിപാടിയിൽ മുഖ്യമന്ത്രിയും CPI-M മുതിർന്ന നേതാവുമായ പിണറായി വിജയൻ പങ്കെടുത്തു. യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിൻറെ പ്രചാരണത്തിൽ കോൺഗ്രസ് എംപി പ്രിയങ്ക ഗാന്ധി പങ്കെടുത്തു. എൻഡിഎ സ്ഥാനാർത്ഥി മോഹൻ ജോർജിൻറെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയായ "വികസിത നിലമ്പൂർ രൂപരേഖ"യുടെ പ്രകാശനം ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നിർവഹിച്ചു.

************************************

## RAIN – KERALA

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കഴിഞ്ഞ മണിക്കൂറുകളിൽ എല്ലാ ജില്ലകളിലും ശക്തമായ മഴയാണ് ലഭിച്ചത്. വടക്കൻ ജില്ലകളിൽ കനത്ത മഴ

ജനജീവിതത്തെ സാരമായി ബാധിച്ചു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള 11 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ആലപ്പുഴയിലെ കുട്ടനാട് അമ്പലപ്പുഴ താലൂക്കുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നല്കിയിട്ടുണ്ട്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രതയും പത്തനംതിട്ട, കോട്ടയം, എറണാകുളം , ഇടുക്കി, തൃശ്ശൂർ , പാലക്കാട് ജില്ലകളിൽ ഓറഞ്ചും മറ്റ് മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മീൻപിടിത്തം നിരോധിച്ചിട്ടുണ്ട്. മലയോര മേഖലയിലേക്കുള്ള രാത്രി യാത്രയ്ക്കും വിനോദ സഞ്ചാരത്തിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കനത്ത മഴയെത്തുടർന്ന് പല ട്രെയിനുകളും വൈകിയാണ് ഓടുന്നത്.

**********************************

## RAIN KANNUR . (INTRO)

കണ്ണൂർ ജില്ലയിൽ രണ്ടു ദിവസമായി പെയ്യുന്ന കനത്ത മഴ ജനജീവിതത്തെ ബാധിച്ചു. പലയിടത്തും വെള്ളം കയറി. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ**

**(VOICE)**

**********************************

## RIVER WARNING

വിവിധ ജില്ലകളിൽ ജലസേചന വകുപ്പ് പ്രളയസാധ്യത മുന്നറിയിപ്പ് നൽകി. പത്തനംതിട്ടയിലെ അച്ചൻകോവിൽ, കാസർകോട്ടെ കരിയങ്കോട്, നീലേശ്വരം, മൊഗ്രാൽ എന്നീ നദികളുടെ കരയിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്.

**********************************

## IMD - WEATHER

അടുത്ത രണ്ട് ദിവസങ്ങളിൽ ഡൽഹി, ഹരിയാന, പഞ്ചാബ്, ഗുജറാത്ത് എന്നിവിടങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് അതിശക്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ ചുവപ്പ് ജാഗ്രത മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കൊങ്കൺ, ഗോവ, തീരദേശ കർണാടക എന്നിവിടങ്ങളിലും കനത്ത മഴ തുടരുകയാണ്.

***********************************

## EVE HELICOPTER CRASH - AAIB

ഉത്തരാഖണ്ഡിലെ കേദാർനാഥ് ക്ഷേത്രത്തിന് സമീപം ഹെലികോപ്റ്റർ തകർന്ന് ഏഴ് പേർ മരിച്ച സംഭവം എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷിക്കും. കേദാർനാഥിൽനിന്ന് ഗുപ്തകാശിയിലേക്കു പോയ കോപ്റ്റർ ഇന്നലെ രാവിലെയാണ് ഗൗരികുണ്ഡിന് സമീപം തകർന്നത്.

***********************************

## BOXING - NISHANT DEV

ന്യൂയോർക്കിലെ മാഡിസൺ സ്ക്വയർ ഗാർഡനിൽ നടന്ന ബോക്സിംഗ് സൂപ്പർ വെൽറ്റ വെയ്റ്റ് പോരാട്ടത്തിൽ അമേരിക്കൻ താരം ജോസു സിൽവയെ പരാജയപ്പെടുത്തി ഇന്ത്യൻ ബോക്സർ നിഷാന്ത് ദേവ്. ഈ വർഷം ജനുവരിയിൽ നടന്ന തൻറെ അരങ്ങേറ്റ മത്സരത്തിൽ ആദ്യ റൗണ്ടിൽ ആൾട്ടൺ വിഗ്ഗിൻസിനെ നിഷാന്ത് ദേവ് പരാജയപ്പെടുത്തിയിരുന്നു.

***********************************

## ARCHERY – SELECTION

അടുത്തമാസം 8 മുതൽ 13 വരെ മാഡ്രിഡിൽ നടക്കുന്ന അമ്പെയ്ത്ത് ലോകകപ്പ് സ്റ്റേജ് 4 മത്സരം, സെപ്റ്റംബറിൽ ഗ്വാങ്ജുവിൽ നടക്കുന്ന ലോക ചാമ്പ്യൻഷിപ്പ് എന്നിവയിലേക്കുള്ള സെലക്ഷൻ ട്രയൽസിൽ പരിചയ സമ്പന്നരായ ഇന്ത്യൻ കളിക്കാരെ മറികടന്ന് നാല് അൺക്യാപ്ഡ് താരങ്ങൾ സ്ഥാനം ഉറപ്പിച്ചു. മികച്ച പ്രകടനം കാഴ്ചവച്ചവരിൽ മഹാരാഷ്ട്രയുടെ 15 വയസ്സുകാരി ഗാത ഖഡാകെയും ഷാർവാരി ഷിൻഡെയും ഉൾപ്പെടുന്നു.

********************************************

## PLUS ONE ALLOTMENT

കേരളത്തിൽ പ്ലസ് വൺ പ്രവേശനത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ അലോട്ട്മെൻറ് ഇന്ന് പ്രസിദ്ധീകരിക്കും. രാവിലെ 10 മുതൽ നാളെ വൈകിട്ട് 5 വരെ പ്രവേശനം നേടാം. താൽക്കാലിക പ്രവേശനത്തിലുള്ള വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ഉണ്ടായിരിക്കില്ല. സ്പോർട്സ് ക്വാട്ടയുടെ അവസാന അലോട്ട്മെന്റും ഇതോടൊപ്പം പ്രസിദ്ധീകരിക്കും. ഇതുവരെ അപേക്ഷിക്കുവാൻ കഴിയാത്തവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനായി പുതിയ അപേക്ഷകൾ സമർപ്പിക്കാം.

********************************************

## WATER EFFICIENT – PROJECT

സംസ്ഥാനത്ത് ആദ്യമായി ശുദ്ധജലം കാര്യക്ഷമതയോടെ ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്ന 'വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ' പദ്ധതി ഇന്ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. പീച്ചി ഡാമിൽ നിന്ന് ജലം എടുത്ത് ട്രീറ്റ് ചെയ്ത് ശുദ്ധജലമാക്കി 18,500 ഉപഭോക്താക്കൾക്ക് എത്തിക്കുന്നതാണ് പദ്ധതി. 5.9 കോടി രൂപ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത്. പൂർണ്ണമായി ഓൺലൈനിൽ

പരിശോധിക്കാൻ കഴിയും എന്നതാണ് പദ്ധതിയുടെ പ്രധാന പ്രത്യേകത.

**********************************

## VEENA GEORGE - VICTORIAN

കേരള ആരോഗ്യമന്ത്രി വീണ ജോർജിന് ഓസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെൻറ് സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ക്ഷണം. വിശിഷ്ടാതിഥിയായി പങ്കെടുക്കാനും പാർലമെൻറിൻറെ ആദരം ഏറ്റുവാങ്ങുന്നതിനുമാണ് ക്ഷണം ലഭിച്ചത്. ഈ മാസം 19-നു നടക്കുന്ന വിക്ടോറിയൻ പാർലമെൻറ് സമ്മേളനത്തിൽ മന്ത്രി പങ്കെടുക്കും. സന്ദർശനത്തോടനുബന്ധിച്ച് വിക്ടോറിയയിലെ ആരോഗ്യ മന്ത്രി, വനിത ശിശു ക്ഷേമ മന്ത്രി എന്നിവരുമായി ശ്രീമതി വീണ ജോർജ് ചർച്ച നടത്തും.